**<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>**

**<u>തിരുവനന്തപുരം</u>**

വിഷയം :– നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതികവിഭാഗം –പത്തനംതിട്ട ജില്ല തിരുവല്ല നഗരസഭ കുറ്റപ്പുഴ വില്ലേജ് ഓഡിറ്റോറിയം നിർമ്മാണം ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തിരുവല്ല നഗരസഭാ സെക്രട്ടറിയുടെ 4/7/2019 ലെ BP/39/19-20 നമ്പർ കത്ത്.

2. പത്തനംതിട്ട ജില്ലാ ടൗൺ പ്ലാനറുടെ 13/01/2020 ലെ TCPPTA/665/2019-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/145/2020 –C3** തീയതി: **05/02/2020**

---

പത്തനംതിട്ട ജില്ലയിലെ തിരുവല്ല നഗരസഭ പരിധിയിലുള്ള കുറ്റപ്പുഴ വില്ലേജിൽ സർവ്വേ നമ്പർ 837/25, 837/11 എന്നിവയിൽ ഉൾപ്പെട്ട 6480 ച.മീ ആകെ സ്ഥലത്തു നിന്ന് 825.78 ച.മീ. നിർമ്മാണങ്ങളോടൊപ്പം (ചർച്ച് ബിൽഡിംഗ് - 447.50 ച.മീ, പാരിഷ് ഹാൾ 262.ച.മീ, ഓഫീസ് ബിൽഡിംഗ് 57.45 ച.മീ, വാൾട്ട് 58.83 ച.മീ ) 2189 ച.മീ വിസ്തീർണ്ണമുള്ള ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ഫാ.വർഗീസ് ചാക്കോ, വികാർ & ട്രസ്റ്റി മാർബസേലിയോസ് മാർഗ്രിഗോറിയോസ് ഓർത്ത്ഡോക്സ് പള്ളി**, തിരുമൂലപുരം.പി.ഒ, തിരുവല്ല, പത്തനംതിട്ട- ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. കെ.എം.ബി.ആർ. 1999 ലെ ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവയും നിർദ്ദിഷ്ട നിർമ്മാണസ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
2. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കണം. പ്ലോട്ട് ലെവൽ ചെയ്യുമ്പോഴും, റാമ്പ് നിർമ്മിക്കുമ്പോഴും സമീപ പ്ലോട്ടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.
3. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം, അനുബന്ധ ഗവൺമെന്റ് സർക്കുലർ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം ആയവയ്ക്ക് അനുസൃതമായിരിക്കണം.
4. Basement floor ലെ പാർക്കിംഗ് ഏരിയ , പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരം

പാർക്കിംഗ് ആവശ്യത്തിന് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. ഭാവിയിൽ മറ്റ് ഉപയോഗങ്ങൾക്കായി മാറ്റുവാൻ പാടില്ല. സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന Car parking , Two wheeler parking അവയിലേയ്ക്കുള്ള Drive Way എന്നിവ പൂർണ്ണമായും സജ്ജമാക്കണം.

5. നിലവിലുള്ള വോൾട്ടിലേക്കുള്ള വഴി ചട്ടം 33 (5) പാലിച്ചുകൊണ്ട് നിർമ്മിക്കേണ്ടതും നിലനിർത്തേണ്ടതുമാണ്.
6. ചട്ടം 26 എ, 55 (11) പ്രകാരമുള്ള ഖര –ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുകയും പരിസരവാസികൾക്ക് ദോഷകരമല്ലാത്ത രീതിയിൽ മാലിന്യ നിർമ്മാർജ്ജനം നടത്തുകയും വേണം. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങൾ 1999 (KMBR-1999) ചട്ടം 57 (12B) പ്രകാരമുള്ള Special provision for recycling and reusing of waste water കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം.
7. പൊളിച്ചു നീക്കുവാനെന്നു പ്ലാനിൽ കാണിച്ചിരിക്കുന്ന കെട്ടിട ഭാഗങ്ങളെല്ലാം പൊളിച്ചു നീക്കണം.
8. നിർമ്മാണം KMBR 99 നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
9. KMBR 99 ചട്ടം 40A പ്രകാരമുള്ള സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
10. KMBR 99 ചട്ടം 55 (12)പ്രകാരമുള്ള സാനിറ്റേഷൻ സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **23/2020** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം– ഒരു സെറ്റ് പ്ലാൻ

**ജയശ്രീ. പി. ആർ.**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
തിരുവല്ല നഗരസഭ, പത്തനംതിട്ട

<u>പകർപ്പ്:-</u>

1. ഫാ.വർഗീസ് ചാക്കോ, വികാർ& ട്രസ്റ്റി മാർബസേലിയോസ് മാർഗ്രിഗോറിയോസ് ഓർത്ത്ഡോക്സ് പള്ളി, തിരുമൂലപുരം.പി.ഒ, തിരുവല്ല, പത്തനംതിട്ട
2. ടൗൺ പ്ലാനർ, പത്തനംതിട്ട 3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം